

മയ്യനാട് ഹയർസെക്കന്ററി സ്കൂൾ
മയ്യനാട്, കൊല്ലം
അടയാളങ്ങൾ

# മയ്യനാട് ഹയർ സെക്കന്ററി സ്കൂൾ

## മയ്യനാട് ,കൊല്ലം

# മാഗസിൻ-2019-20

# അടയാളങ്ങൾ

*അസതോമ സദ്ഗമയ*

*തമസോമാ ജ്യോതിർഗമയ*

*മൃത്യോമാ അമൃതംഗമയ*

## ഉള്ളടക്കം

സമർപ്പണം....4
*എഡിറ്റോറിയൽ*....5
അനാഥബാല്യങ്ങൾ....9
ആകാശക്കതിപ്പ്....10
ഓർമ്മകൾ....11
പൂജ....13
8B....13
സാഫല്യം....14
മാളവിക യു എസ്....15
9A....15

**സമർപ്പണം**




***ഒരുപിടിയോർമകൾബാക്കിയാക്കി***

***വിദൂരതയിൽനീയകന്നുപോയി***

***നീകണ്ടസ്വപ്നങ്ങൾ സഫലമാക്കും***

***നിരാശപ്പെടുത്തില്ല നിന്നെഞങ്ങൾ***

***നമ്മോടൊപ്പം സഞ്ചരിച്ച്പാതിവഴിയിൽ***

***മടങ്ങിപ്പോയസ്നേഹനിധിയായ***

***നമ്മുടെസഹപ്രവർത്തക***

***ബിന്ദു എസ് റ്റീച്ചറിന്റെ ഓർമകൾക്ക്***

***മുന്നിൽവേദനയോടെസമർപ്പിക്കുന്നു***

# *എഡിറ്റോറിയൽ*

**എന്തെങ്കിലുമൊക്കെ അടയാളങ്ങൾ അവശേഷിപ്പിച്ചുകൊണ്ടാണ് മനുഷ്യജീവിതം കടന്നുപോകുന്നത്. മരണം അവശേഷിപ്പിക്കുന്ന അടയാളങ്ങളാണ് ഓർമകൾ. ചെറിയ ജീവിതങ്ങൾ ഓർമകളാകുന്ന അടയാളങ്ങൾ അവശേഷിപ്പിച്ചുകൊണ്ട് കടന്നുപോകുമ്പോൾ വലിയ ജീവിതങ്ങൾ ചരിത്രത്തിൽ അടയാളങ്ങൾ സൃഷ്ടിച്ചുകൊണ്ട് കടന്നുപോകുന്നു. വലുതെന്നോ ചെറുതെന്നോ ജീവിതമുണ്ടോ എന്ന് ചോദിച്ചാൽ ഉത്തരം പറയുക പ്രയാസം. വിഖ്യാത ജർമ്മൻ നാടകകൃത്തായ ബ്രഹതോൾഡ് ബ്രഹ്റ്റ് ചോദിച്ചതുപോലെ ചൈനീസ് വൻമതിൽ നിർമ്മിച്ചത് ചക്രവർത്തി ഒറ്റയ്ക്കോ? പണിയെടുത്തവരൊക്കെ എവിടെ? എന്ന് ചോദിക്കേണ്ടി വരും. പറഞ്ഞതിത്ര മാത്രം. അടയാളങ്ങൾ അനിവാര്യമാണ്. മുൻപേ നടന്നവരുടെ അടയാളങ്ങൾ മായ്ച്ചുകൊണ്ട് പിന്നീടെത്തുന്നവരുടെ അടയാളങ്ങൾ സൃഷ്ടിക്കപ്പെടുന്നു. വൈലോപ്പിള്ളി പാടിയതുപോലെ കാലത്തിന്റെ പാടത്ത് വിതയും കൊയ്ത്തും തുടർന്നുകൊണ്ടേയിരിക്കുന്നു. മയ്യനാടെന്ന ചരിത്രഭൂമിക കേരളചരിത്രത്തിൽ അവശേഷിപ്പിച്ച അടയാളങ്ങൾ ചെറുതൊന്നുമല്ല-വർത്തമാനക്കാലം അതൊന്നുമോർക്കുന്നില്ലെങ്കിലും. വിരലറുത്ത് മാറ്റപ്പെട്ട ഏകലവ്യന്മാരുടെ നിലവിളികൾ കേരളത്തെ അശാന്തമാക്കിയിരുന്ന ഒരു കാലഘട്ടത്തിൽ നെഞ്ച് വിരിച്ച് മുഷ്ടിചുരുട്ടി കടന്നുവന്ന മഹാരഥന്മാരുടെ വില്ലുവണ്ടിയൊച്ചകൾ കാലത്തിന് കേൾക്കാതിരിക്കാനായില്ല. സി.കേശവനും സി.വി.കുഞ്ഞിരാമനുമൊക്കെ ഉഴുതുമറിച്ചമണ്ണാണിത്. കേരളത്തിന്റെ നവോത്ഥാനചരിത്രം ഇവിടെത്തുടങ്ങി ഇവിടെ അവസാനിക്കുകയല്ല ചെയ്തത്. അതൊരു പ്രകമ്പനമായി കേരളമാകെ മാറ്റൊലിക്കൊള്ളുകയായിരുന്നു.**

**പുതിയ കേരളം നിർമ്മിക്കപ്പെട്ട കാലത്താണ് മയ്യനാട് സ്കൂളിന്റെയും പിറവി. മാറുന്ന കാലത്തിനൊപ്പം സഞ്ചരിച്ചു. മാറിയും മാറ്റിയും ആ പ്രയാണം ഇന്നും തുടരുന്നു. നെൽസൽ മണ്ടേല പറയും പോലെ ലോകത്തെ മാറ്റാനുള്ള ഏറ്റവും ശക്തമായ ആയുധം വിദ്യാഭ്യാസം തന്നെയാണ്. അത് തിരിച്ചറിഞ്ഞ ജനത ഇവിടെയുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഊർജ്ജം ഉൾക്കൊണ്ട്കൊണ്ട് മുന്നോട്ടു നീങ്ങുന്ന മയ്യനാട് ഹയർസെക്കന്ററി സ്കൂളിന്റെ 'അടയാളങ്ങൾ' നിങ്ങൾക്കായി സമർപ്പിച്ചുകൊള്ളുന്നു.**

## പ്രിൻസിപ്പൽ



**ബി ഹേമ**

## ഹെഡ് മാസ്റ്റർ



**ഷിബു ബി**


STAFF
MAYYANAD HIGHER SECONDARY SCHOOL

**അനാഥബാല്യങ്ങൾ**

**നിന്റെ കണ്ണിലൂടെ ഞാൻ എന്റെലോകം കണ്ടറിഞ്ഞു**
**വർണ്ണങ്ങൾ ഒട്ടും വാരിവിതറിയില്ലെങ്കിലും**
**ഉള്ള വർണ്ണങ്ങളിൽ മനോഹരമാക്കി**
**സ്വന്തം ലോകത്ത്നിറമില്ലെങ്കിലും**
**അമ്മയുടെ മണമുള്ള ലോകമാക്കി**
**മനസ്സിന്റെ ഏടുകൾ വലിച്ചു കീറി**
**പട്ടം പറത്താൻ തിടുക്കപ്പെടുന്ന മറു ബാല്യം**
**അനാഥത്വത്തിൽ വാതിൽ തുറന്നു**
**പുറത്തേക്ക്പോകാൻകൊതിക്കുന്ന കുഞ്ഞുമനസ്സ്**

**അഖിൽ എ**

**10 B**

# ആകാശക്കുതിപ്പ്

കലകളും മെയ്ക്കളുംഒത്തൊരുമിച്ചൊരു
ശാന്തമാണെന്റെകൊച്ചുവിദ്യാലയം
പിന്നെയും പിന്നെയുംകാണുവാൻ
കാണാതിരുന്നെന്നാൽ വിഭ്രാന്തി തോന്നുന്ന
നന്മ തൻ പൂമരം എന്റെവിദ്യാലയം
എന്നെന്നും എപ്പോഴുംകൂട്ടിനു കൂട്ടുകാർ
നേർവഴികാട്ടുവാൻ എന്റെ ഗുരുക്കൻമാർ
പാറിപ്പറക്കാനും പട്ടംപോലെപ്പോഴും
സ്വാതന്ത്ര്യമുള്ളൊരുകൊച്ചു വിദ്യാലയം
വാനിലുദിക്കുന്ന സൂര്യനെപ്പോലെന്നും
വിണ്ണിൽപ്രകാശമായ് മാറണമെന്നാണ്
കൂട്ടുകാർക്കെപ്പോഴും ആഗ്രഹ പൂരിതം

*ശാലു പി*

***10 D***

# ഓർമ്മകൾ

താളം മുറുക്കി
പറച്ചെണ്ടകൊട്ടി
മനസിൻ്റെ-
നാടകശാലയിൽ
ഏകാങ്കനാടകം
യവനിക വീഴ് ത്തവേ
എരിയാതെ,
പതറാതെ,
മൂകമീ-
ജാലകവാതിൽ തുറന്നു നീ
നീലമിഴിയാഴങ്ങളിലാകാശം
തിരയവേ
നിറമുള്ള സ്വപ്നങ്ങളൊക്കെയും
സമയ വൃത്തത്തിൽ
ഒതുക്കുവാനാവാതെ
നീണ്ട മഷിത്തണ്ടാൽ
അത് മായ്ക്കുവാനാകാതെ
ഓർമ്മപ്പുതപ്പിൽ നിന്നുർന്നു
വഴിതിരിഞ്ഞു ഞാൻ
നടക്കവേ
ഇന്നു ഞാനറിയുന്നു
താളുകളിളകിയൊരെൻ
ജീവിത പുസ്തകം
കോർത്തുവച്ചതൊക്കെയും
നിന്നോർമ്മകളിലാണെന്ന്

ബിനു സി, അദ്ധ്യാപകൻ

# പാറിപ്പറക്കും പൂമ്പാറ്റകൾ

ചന്തമുള്ള ഉടുപ്പണിഞ്ഞ്
പൂമ്പാറ്റകൾ പാറിപ്പറക്കുന്നു
പൂക്കളിലെ തേൻ നുകർന്ന്
പാറിപ്പാറിപ്പറക്കുന്നു
പല നിറങ്ങളിൽ ചിറകുവീശി
മലരിന്റെമുകൾത്തട്ടിലൂടെ
പൂമ്പാറ്റകൾ പാറിപ്പാറിപ്പറക്കുന്നു
ചന്തമുള്ള ഉടുപ്പണിഞ്ഞ്
പൂമ്പാറ്റകൾ പാറിക്കളിക്കുന്നു

ശിവപ്രിയ.എസ്

*6.B*



**പൂജ**

**8B**

# സാഫല്യം

*മൃദുലമാം ഹിമകണത്തിൻ ചുംബനത്താൽ*

*കുളിരാർന്നു നിൽക്കും പനിനീർപ്പൂവേ*

*വിറയാർന്ന ലോലഹൃദയവുമായി*

*നീ തേടി നിൽക്കുന്നതാരെയാണാവോ*

*വിടരുവാൻ വെമ്പുന്ന നിൻ ഇതളിനെ*

*ചുംബിച്ചു നിൽക്കുന്ന ശലഭത്തിൻ*

*കരളിൽ നിറയുന്നൊരുൻമാദം*

*നീ അറിയുന്നുവോ*

*പാടലവർണ്ണം പകരുന്ന പകലോന്റെ*

*കിരണങ്ങൾ നിന്നെ തഴുകുന്നുവോ*

*കർമ്മസാക്ഷിയാമരുണന്റെ വരവായി*

*കാതരയാം നിശാഗന്ധിയും യാത്രയായി*

*കാത്തിരിപ്പിൻ സാഫല്യമെന്നപോൽ*

*ചെമ്പനിനീർപ്പൂവിതാ പുഞ്ചിരിതൂകുന്നു*

*അഭിനന്ദ് കൃഷ്ണൻ*

*അദ്ധ്യാപകൻ*




**മാളവിക യു എസ്**

**9A**